**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ- 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in

വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് –ഡോ.എബിൻ എസ് സെബാസ്റ്റ്യൻ,PEN:971180,അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.നോട്ട് നമ്പർ.EA2-23101/2024/DHS Dated:15.07.2025

2.കാരണം കാണിക്കൽ നോട്ടീസ് നം DHS/18409/2025-EA3 Dated :28.08.2025

3.ഡോ.എബിൻ എസ് സെബാസ്റ്റ്യൻ സമർപ്പിച്ച അപേക്ഷ തീയതി 12.09.2025

**ഉത്തരവ് നം.DHS/18409/2025-EA3 തീയതി.12-12-2025**

ഡോ.എബിൻ എസ് സെബാസ്റ്റ്യൻ,PEN:971180,അസിസ്റ്റന്റ് സർജൻ (Dr.Abin S Sebastian) 14.12.2023 ന് ആരോഗ്യ വകുപ്പിൽ പ്രവേശിച്ച വ്യക്തിയാണ്. തുടർന്ന് പിജി പഠനം പൂർത്തിയാക്കുന്നതിനായി സേവനത്തിൽ നിന്നും വിടുതൽ ചെയ്യുകയും ,15.12.2023 മുതൽ 13.10.2024 വരെ പഠനത്തിനായി ശൂന്യവേതനാവധിയിൽ തുടരുകയും ചെയ്തു.13.10.2024 വരെയുള്ള പിജി ഉപരിപഠനത്തിനുശേഷം തൃശൂർ ചാലക്കുടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ EA2-23101/2024/DHS Dated:10.10.2024 ഉത്തരവ് പ്രകാരം അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമനം ലഭിച്ച ഡോ.എബിൻ എസ് സെബാസ്റ്റ്യൻ സേവനത്തിൽ തിരികെ പ്രവേശിച്ചിരുന്നില്ല . ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്റ്റ് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന്

കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി.

പ്രസ്തുത നോട്ടീസിന് പരാമർശം (3) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു. വ്യക്തിപരമായ പ്രശ്നങ്ങൾ കാരണമാണ് ജോലിയിൽ തിരികെ പ്രവേശിക്കുവാൻ കഴിയാതെയിരുന്നത് എന്നും എന്നാൽ ഈ വിവരങ്ങൾ യഥാസമയം പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം അറിയിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു .ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല .ഇത് സംബന്ധിച്ച് ഡോക്ടർ നൽകിയിരിക്കുന്ന വിശദീകരണം തികച്ചും തൃപ്തികരമല്ല.

(2) ടി സാഹചര്യത്തിൽ 14.10.2024 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.എബിൻ എസ് സെബാസ്റ്റ്യൻ, അസിസ്റ്റന്റ് സർജന്റെ വർക്ക് ആൻ്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ.എബിൻ എസ് സെബാസ്റ്റ്യൻ, അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 12-12-2025 17:03:17
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്,

Dr.Abin S Sebastian
Vakacheril House
Athirampuzha Road
Ettumanoor P.O
Kottayam

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),തൃശൂർ

3. സൂപ്രണ്ട്,താലൂക്ക് ആസ്ഥാന ആശുപത്രി,ചാലക്കുടി,തൃശൂർ

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ